പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3278 14.10.2011-ൽ മറുപടിയ്ക്ക്

# എസ്. എം. എസ് സംവിധാനം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. സി. പി. മുഹമ്മദ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി തകരാറിനെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; | (എ) | വൈദ്യുതി തകരാർ സംബന്ധിച്ച പരാതികൾ നിലവിൽ ഉപഭോക്താക്കൾക്ക് സെക്ഷനോഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള പരാതി പുസ്തകത്തി ൽ നേരിട്ട് രേഖപ്പെടുത്തുകയോ അല്ലെങ്കിൽ ഫോൺ വഴി രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. പരാതികൾ ലഭിയ്ക്കുന്ന മുറയ്ക്ക് സെക്ഷനുകളിലെ ബ്രേക്ക്ഡൗൺ വിഭാഗം അത് പരിഹരിയ്ക്കുന്നുണ്ട്. ഡയറക്ടർ - ഐ. ടിയുടെ ആഫീസ് മുഖേന ഉപഭോക്താവിന് വൈദ്യുതി തകരാർ എസ്. എം. എസ് മുഖേന രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായുള്ള എസ്. എം. എസ് സംവിധാനം എവിടെയൊക്കെയാണ് നടപ്പാക്കിയിട്ടുള്ളത് ; | (ബി) | എസ്. എം. എസ്. സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഇതിന്റെ പ്രവർത്തന രീതി എങ്ങനെയാണെന്ന് വിശദമാക്കാമോ ; | (സി) | ഈ സംവിധാനത്തിൽ ഉപഭോക്താ വിന് ഒരു നിശ്ചിത നമ്പറിലേയ്ക്ക് (No. 537252) കൺസ്യൂമർ നമ്പരും സെക്ഷൻ ഓഫീസിന്റെ കോഡും മൊബൈൽ ഫോൺ മുഖേന എസ്. എം. എസ് ചെയ്യാവുന്നതാണ്. SMS അയയ്ക്കേണ്ട രീതി ; KSEB <space>Section Code <space> Consumer No. (ഉദാ : KSEB 4501 12345). സെക്ഷൻ കോഡ് ആഗസ്റ്റ് മാസം മുതൽ നൽകുന്ന വൈദ്യുതി ബില്ലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച എല്ലാ വിശദാംശങ്ങളും കെ. |

എസ്. ഇ. ബി. യുടെ ഔദ്യോഗിക വെബ് സൈറ്റ് ആയ **www.kseb.in** ലും ലഭ്യമാക്കിയിട്ടുണ്ട്.

തിരുവനന്തപുരം വൈദ്യുതി ഭവനിലെ സെർവർ കമ്പ്യൂട്ടറിൽ ഈ പരാതി ലഭിച്ചതിനുശേഷം ഒരു രജിസ്റ്റർ നമ്പർ ഉപഭോക്താവിൻെറ മൊബൈൽ നമ്പരിലേയ്ക്ക് എസ്. എം. എസ് ആയി അയയ്ക്കുന്നു. അപ്പോൾതന്നെ ഈ വിവരം അതാത് സെക്ഷൻ ഓഫീസിൽ നിലവിലുള്ള കമ്പ്യൂട്ടറിൽ ലഭ്യമാകും. കൂടാതെ ഈ വിവരം അതാത് സെക്ഷൻ ഓഫീസിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻെറ മൊബൈലിലേയ്ക്കും അയയ്ക്കുന്നു. പരാതി പരിഹരിച്ചതിനു ശേഷം പ്രസ്തുത കമ്പ്യൂട്ടർ മുഖേന ആ വിവരം ഉപഭോക്താവിൻെറ മൊബൈലിലേ യ്ക്ക് ഒരു എസ്. എം. എസ്. ആയി അയയ്ക്കുന്നു. ഉപഭോക്താവിന് തൃപ്തികരമായ രീതിയിൽ പരാതി പരിഹരിച്ചില്ലെങ്കിൽ ബന്ധപ്പെടുന്നതിനായി 1800 425 8333 എന്ന ടോൾഫ്രീ നമ്പരും ഈ പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ട്.

**(ഡി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ആയത് നടപ്പാക്കുന്നത് ;**

(ഡി) സംസ്ഥാന ഗവൺമെൻറ് ഐ. ടി മിഷനിലൂടെ നടപ്പാക്കുന്ന എം. ഗവേണൻസ് പദ്ധതിയുമായി സഹകരിച്ചു കൊണ്ടാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ടോൾഫ്രീ നമ്പർ ബി. എസ്. എൻ. എൽ മുഖേനയാണ് ഏർപ്പെടുത്തി യിട്ടുള്ളത്.

**(ഇ) ഈ സംവിധാനം സംസ്ഥാനം മുഴു വനും വ്യാപിപ്പിക്കുന്ന കാര്യം പരി ഗണിക്കുമോ ?**

(ഇ) ഈ സംവിധാനം സംസ്ഥാന മൊട്ടാകെ 01-09-2011 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.